**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364** **19-07-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥ വ്യതിയാനത്തിന്റെ പാരിസ്ഥിതികാഘാതം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇൻഡ്യ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലം പരിസ്ഥിതിയ്ക്ക്, പ്രത്യേകിച്ച് വനങ്ങൾക്ക് ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപഘടകങ്ങളായി ക്രമീകരിച്ച് നടപ്പാക്കി വരുന്നു.<br><br>കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറി പ്രദേശങ്ങളിലെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും, വനങ്ങൾക്കു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വൃക്ഷത്തൈകളുടെ ഉൽപാദനം, വിതരണം, പുനരുപയോഗക്ഷമമായ ഇന്ധന ഉപയോഗം, ഉല്പാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കളനിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ളഗിംങ്, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉപഘടകങ്ങളിലൂടെ നടപ്പാക്കി വരുന്നത്. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ കീഴിൽ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആകെ ലഭിച്ച 3156.514 ലക്ഷം രൂപയിൽ 2719.094 ലക്ഷം രൂപ വിനിയോഗിച്ച് 17968.31 ഹെക്ടർ വനപ്രദേശത്ത് മിഷൻ വനവൽക്കരണ-വനസംരക്ഷണ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുണ്ട്. ബാക്കി തുക വിനിയോഗിച്ച് 7340 എണ്ണം വിവിധ പ്രകൃതി സൗഹൃദ-പുനരുപയോഗക്ഷമങ്ങളായ ഇന്ധന ഉപയോഗ മാർഗ്ഗങ്ങൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | വനത്തിനുള്ളിലും വനത്തിന് പുറത്തും വൃക്ഷാവരണം വർദ്ധിപ്പിക്കുക എന്നത് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് അവർ ചെയ്യുന്ന കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ വിവിധ ഫലവൃക്ഷങ്ങൾ ഇടവിളയായി നട്ടുവളർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കർഷകരുടെ ഭൂമിയിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും, കർഷകർക്ക് വനവൽക്കരണത്തിൽ താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും വന വിഭവങ്ങളുടെ പരിപാലനത്തിനും സുസ്ഥിര വിനിയോഗത്തിനുമായി പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ? | (സി) | പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ നടപ്പാക്കുന്ന ഒരു പദ്ധതിയാണ് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി. നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമ്മറിപ്രദേശങ്ങളിലെ മണ്ണ് ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം, വനങ്ങൾക്കു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വൃക്ഷത്തൈകളുടെ ഉൽപാദനവും വിതരണവും, പദ്ധതി പ്രവർത്തനങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ഉൽപാദനക്ഷമതയുള്ള കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗിംങ്, മനുഷ്യ-വന്യജീവി സംഘർഷം കുറക്കുന്നതിനുള്ള നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാം തന്നെ വന സംരക്ഷണ സമിതികൾ (VSS), ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDC), പാർട്ടിസിപ്പേറ്ററി ഹരിത സമിതികൾ (PHS) വഴിയാണ് നടപ്പാക്കി വരുന്നത്. ഇത് വനവിഭവങ്ങളുടെ സുസ്ഥിര പരിപാലന വിനിയോഗം ഉറപ്പാക്കുന്നതോടൊപ്പം സമിതി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും, വരുമാനവർദ്ധനവിനും അപ്രകാരം അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു. കൂടാതെ ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് |

| | | | |
|---|---|---|---|
| | | | ലഘൂകരിക്കുന്നതിനായി സോളാർ അടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ പ്രകൃതി സഹൃദ-പുനരുപയോഗക്ഷമങ്ങളായ ഇന്ധന ഉപയോഗ മാർഗ്ഗങ്ങളും ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ